# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **10.08.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1115**

## <u>സുരക്ഷയില്ലാത്ത സ്കൂളുകൾ</u>

| <u>ചോദ്യം</u><br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | <u>മറുപടി</u><br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സുരക്ഷയില്ലാത്ത സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. |
| (സി) സുരക്ഷിതത്വമില്ലാത്ത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കു മോയെന്ന് വ്യക്തമാക്കാമോ ; | (സി) സ്കൂളുകൾക്ക് പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനായുള്ള ഫണ്ട് അനുവദിച്ചുവരുന്നു. |
| (ഡി) അൺഎയിഡഡ് മേഖലയിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എത്ര സ്കൂളുകൾക്കാണ് അംഗീകാരമുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സർക്കാർ അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ചാൽ | (ഇ) സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സർക്കാർ അനുശാസിക്കുന്ന |

അംഗീകാരം നൽകാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ ;

നിബന്ധനകൾ പാലിക്കുന്നപക്ഷം അംഗീകാരം നൽകുന്ന കാര്യം അപ്പോൾ പരിശോധിക്കുന്നതാണ്.

(എഫ്) സൗജന്യ നിർബന്ധിത വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ അവകാശ നിയമം വേണ്ട വിധം നടപ്പാക്കുന്നതിന് കേന്ദ്രം ഒരു സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് പറയാമോ ;

(എഫ്) സൗജന്യ നിർബന്ധിത വിദ്യാഭ്യാസം ലക്ഷ്യമാക്കി വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും വ്യത്യസ്ത തുകകളാണ് കേന്ദ്രം അനുവദിക്കുന്നത്. ഇപ്രകാരം പ്രസ്തുത ആവശ്യത്തിലേക്കായി 2017-18 സാമ്പത്തിക വർഷം 338.852 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ജി) ഇപ്രകാരം അനുവദിച്ച തുക ഏതെങ്കിലും സാമ്പത്തിക വർഷത്തിൽ നഷ്ടപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

(ജി) വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ